പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3332 19.06.2018-ലെ മറുപടിക്ക്

## സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിന് പദ്ധതി

ചോദ്യം
ശ്രീ. ആർ. രാമചന്ദ്രൻ

ഉത്തരം
ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലയിൽ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിൽ സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (എ) | ട്രാഫിക് സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിന് പോലീസ്, മോട്ടോർ വാഹന വകുപ്പ്, ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ എന്നീ വകുപ്പുകൾക്ക് റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കാറുണ്ട്. ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല നിലവിൽ പോലീസ് വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. |
| (ബി) | സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക പരിശോധനകൾ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും ഗതാഗത തിരക്കേറിയ സ്ഥലങ്ങളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും അപകടം കൂടിയ സ്ഥലങ്ങളിൽ 24x7 മണിക്കൂറും ക്യാമറാ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതുമൂലം സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചു വരുന്നതിനാൽ ട്രാഫിക് നിയമ |

| | | | |
|---|---|---|---|
| | | | ലംഘനങ്ങൾ നിയന്ത്രിക്കാനും സാധിക്കുന്നുണ്ട്. |
| (സി) | കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗതസുരക്ഷക്കുവേണ്ടി സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ? | (സി) | കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗത സുരക്ഷയ്ക്കുവേണ്ടി സിഗ്നൽ ലൈറ്റ് കാര്യക്ഷമമാക്കുന്നതിനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**